മി. ചെയർമാൻ: ശ്രീ. കെ. എ. ചന്ദ്രൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എ. ചന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. കെ. എ. ചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എ. വാഹീദ് അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2004-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ,—

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(3) 2002-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* 2002-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* 2002-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):* സർ, ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: ദേവസ്വങ്ങളുടെയും ക്ഷേത്രങ്ങളുടെയും ഭൂമി ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഗവൺമെന്റ് ഏറ്റെടുത്തപ്പോൾ സാധാരണ ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം കൊടുക്കുന്നതുപോലെയല്ല കൈകാര്യം ചെയ്യുന്നത്. അതിൽ നിയമം വ്യവസ്ഥ ചെയ്യുന്നത്, ദേവസ്വങ്ങളുടെയും ക്ഷേത്രങ്ങളുടെയും ഭൂമി ഏറ്റെടുക്കുമ്പോൾ അവർക്ക് വർഷംതോറും annuity കൊടുക്കുക എന്നതാണ്. അന്ന് annuity നിശ്ചയിച്ചത് എങ്ങനെ എന്നു ചോദിച്ചാൽ ഫെയർ റെന്റിന്റെ അടിസ്ഥാനത്തിലാണ്. ഫെയർ റെന്റിന്റെ ഇത്ര ഇരട്ടി. ഫെയർ റെന്റ് നിശ്ചയിക്കുന്നത് അന്നത്തെ ഉൽപ്പന്നങ്ങളുടെ വിലയുടെ അടിസ്ഥാനത്തിലായിരുന്നു. തേങ്ങയുടെ വില, നെല്ലിന്റെ വില, ഇത്ര പറ നെല്ലിന് ഇത്ര എന്നൊക്കെ പറഞ്ഞ് ചില നിബന്ധനകളുണ്ട്. ആദ്യം ഫെയർ റെന്റ് ഫിക്സ് ചെയ്യും. ഫെയർ റെന്റിന്റെ അടിസ്ഥാനത്തിൽ ദേവസ്വങ്ങൾക്കും ക്ഷേത്രങ്ങൾക്കും annuity കാലാകാലങ്ങളിൽ കൊടുക്കാൻ നിബന്ധന ചെയ്യുന്നതായിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ, ഇതുവരെ ഇത് എൻഹാൻസ് ചെയ്തുകൊണ്ടുവരാൻ പറ്റിയില്ല. സാധനവിലയിൽ മാറ്റമുണ്ടായി, കഴിഞ്ഞ കാലത്തിനിടയിൽ ഈ നിയമത്തിൽ അതിനുള്ള വ്യവസ്ഥയില്ലാത്തതിന്റെ അടിസ്ഥാനത്തിൽ ഇത് വർദ്ധിപ്പിക്കുന്നതിനോ റിവൈസ് ചെയ്യാനോ കഴിയാതെ പോയി. കാലഘട്ടത്തിനനുസരിച്ച് annuity വർദ്ധിപ്പിക്കണം എന്ന് നിയമത്തിൽ ഒരു ഭേദഗതി വേണം. ആ ഭേദഗതിക്കുവേണ്ടിയാണ് ഇപ്പോൾ ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബിൽ പാസ്സാവുകയാണെങ്കിൽ ഇതിൽ വ്യവസ്ഥ ചെയ്യാൻ പോകുന്നത് annuity മൂന്ന് ഇരട്ടിയായി വർദ്ധിപ്പിക്കാൻ പോകുകയാണ്. ബഡ്ജറ്റിൽ 60 ലക്ഷം രൂപയാണ് annuity നിശ്ചയിച്ചത്. അത് മൂന്നിരട്ടി വർദ്ധിപ്പിക്കുകയാണെങ്കിൽ ഒരു കോടി എൺപത് ലക്ഷം രൂപയായി ഉയരും. മൂന്നിരട്ടിയായി അവർക്കുള്ള ആനുകൂല്യം വർദ്ധിച്ചുവരും. എന്നുമാത്രമല്ല, അഞ്ചു വർഷം കൂടുമ്പോൾ 25% വർദ്ധനവ് വേണമെന്നുകൂടി ഈ നിയമത്തിൽ പറയുന്നുണ്ട്. അപ്പോൾ പ്രത്യേകിച്ച് നിയമം ഓരോ പ്രാവശ്യവും കൊണ്ടുവരേണ്ട കാര്യമില്ല. അതിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ നാലര ശതമാനത്തിന്റെ വർദ്ധനവ് ബഡ്ജറ്റ് അലോക്കേഷനെ സംബന്ധിച്ചിടത്തോളം അവർക്ക് കിട്ടും. ആ നിലയ്ക്ക് ക്ഷേത്രങ്ങൾക്കും ദേവസ്വങ്ങൾക്കും വളരെ പ്രയോജനകരമാണെന്ന നിലയിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇത് നേരത്തെ പാസ്സാക്കേണ്ടതായിരുന്നു. ഇപ്പോഴെങ്കിലും ഇത് കൊണ്ടുവരാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്. ഇത് എല്ലാവർക്കും സ്വീകാര്യമായ ബില്ലാണ്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, 2002-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-9-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നമ്മുടെ സഭ പാസ്സാക്കിയ നിയമങ്ങളിൽവച്ച് ഏറ്റവും സുപ്രധാനമായതും ഒരുപാട് വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിവച്ചിട്ടുള്ളതുമായ നിയമമാണ് കേരള ഭൂപരിഷ്കരണ നിയമം. കേരളത്തിൽ ഒരു കാലഘട്ടത്തിൽ, ഇത് പാസ്സാക്കിയ 1960-കളിൽ കേരളത്തിന്റെ സോഷ്യോ ഇക്കണോമിക് ചെയ്ഞ്ചസ്, സാമൂഹികവും സാമ്പത്തികവുമായ മാറ്റങ്ങൾക്ക് വഴിവച്ചത് ഈ നിയമം ആയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അന്ന് ഈ നിയമവുമായി ബന്ധപ്പെട്ട മാതൃനിയമം പാസ്സാക്കിയ സമയത്ത് ഈ സഭയിൽ ഉണ്ടായ ചർച്ചകൾ എത്രമാത്രം ഗൗരവത്തോടുകൂടിയാണ് വിവിധ രാഷ്ട്രീയപ്രസ്ഥാനങ്ങളിലുണ്ടായിരുന്ന നിയമസഭാംഗങ്ങൾ ഈ നിയമത്തെ സമീപിച്ചത് എന്ന് വ്യക്തമാക്കുന്നതാണ് ആ നിയമസഭാനടപടികൾ. രാഷ്ട്രീയാതിപ്രസരം ഉണ്ടായിരുന്ന നാളുകളാണെങ്കിൽപ്പോലും ചർച്ചകളിൽ എല്ലാം രാഷ്ട്രീയം നിഴലിച്ചുനിന്നിരുന്നുവെങ്കിലും ഗൗരവതരമായ ഒരു നിയമമാണ് പാസ്സാക്കുന്നത് എന്നുള്ള ഒരു ബോദ്ധ്യം ഇതു പാസ്സാക്കിയ സമയത്ത് ഈ നിയമസഭയിൽ നിറഞ്ഞുനിന്നിരുന്നു. ഇപ്പോൾ 42 വർഷങ്ങൾ (4 പതിറ്റാണ്ടുകൾ) ഈ നിയമം പാസ്സാക്കിയിട്ട് പിന്നിടുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പെട്ടെന്നുള്ള സാമൂഹികവും സാമ്പത്തികവുമായ മാറ്റങ്ങൾ നിലവിലുള്ള ഒരു വ്യവസ്ഥിതിയുടെതന്നെ ഒരു പ്രധാനപ്പെട്ട ഭാഗത്ത് മാറ്റം ഉണ്ടാക്കിയപ്പോൾ ആ ഒരു വിഭാഗത്തെ സാന്ത്വനിപ്പിക്കാനുള്ള ശ്രമങ്ങൾകൂടി എല്ലാപേരുംകൂടി അംഗീകരിക്കപ്പെട്ടതിന്റെ ഭാഗമായി ഈ നിയമത്തിൽ ഉണ്ടായിട്ടുമുണ്ട്. ഇപ്പോൾ ഇന്നിവിടെ കൊണ്ടുവന്നിരിക്കുന്ന 2 അമെന്റ്മെന്റ്സ്, അതിൽ ഈ നിയമത്തിൽ ഒരു പുതിയ പ്രൊവിഷൻകൂടി എഴുതിച്ചേർക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചപോലെ ഇതിൽ പറയുന്നത്, ഈ ഭൂപരിഷ്കരണ നിയമത്തിലെ 65-ാം വകുപ്പനുസരിച്ചിട്ടാണ്, Special provisions - Special provisions relating to religious, charitable and educational institutions of a public nature എന്നൊരു വകുപ്പ് ഇതിനകത്തുണ്ടായത്. ആ വകുപ്പനുസരിച്ചുള്ള 2 ചോയിസ് എന്നു പറയുന്നത്, ഒരു land owner, notwithstanding anything contained in section 53 to 64, wherein respect of a holding, the land owner or the intermediary is a religious, charitable or educational institution of a public nature, such institution may choose, ചൂസ് ചെയ്യാനുള്ള അധികാരമുണ്ടായിരുന്നു. Whether the right, title and interest of the institution in respect of a holding may be permitted to be purchased from the institution by the cultivating tenant on payment of the purchase price. അങ്ങനെ വേണമെങ്കിൽ തെരഞ്ഞെടുക്കാനുള്ള അധികാരവും അല്ലെങ്കിൽ, whether such right, title and interest should be vested in the Government in consideration of the payment of an annuity in perpetuity by the Government. അങ്ങനെയൊരു പ്രൊവിഷൻ ഉണ്ടായിരുന്നു. അങ്ങനെ ഇത് വിട്ടുകൊടുക്കുന്ന, ഗവണ്മെന്റിൽ വെസ്റ്റ് ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് വാർഷികമായി annuity കൊടുക്കാനുള്ള സംവിധാനമുണ്ടായിരുന്നു. ആ സംവിധാനമാണ് ഇതിന്റെ 66-ാം വകുപ്പിൽ പറയുന്നത്. Procedure for vesting of rights for religious, charitable or educational institutions in Government and determination of annuity ആണ്. ഇത് തീരുമാനിക്കാനുള്ള അധികാരം അന്ന് ഈ വകുപ്പനുസരിച്ച് കൊടുത്തിരുന്നത് ലാന്റ് ട്രൈബ്യൂണൽസിനാണ്. ആളുകൾക്ക് കൊടുക്കുന്ന ഈ ആപ്ലിക്കേഷൻ ഫോം പരിഗണിച്ച് ഈ annuity നിശ്ചയിക്കാനുള്ള അധികാരം കൊടുത്തിരുന്നത് ലാന്റ് ട്രൈബ്യൂണൽസിനാണ്. 67-ാം വകുപ്പനുസരിച്ചിട്ടാണ് പേമെന്റ് എങ്ങനെ കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുള്ളത്. ഈ 67-ാം വകുപ്പിനുശേഷമാണ് ഈ പുതിയ വകുപ്പ് ഇതിൽ എഴുതിച്ചേർത്തിരിക്കുന്നത്. ഇത് അവതരിപ്പിച്ചപ്പോൾ, മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചപോലെ അന്നത്തെ കാലത്ത് 42 വർഷക്കാലം മുൻപ് സെക്ഷൻ 65(2) അനുസരിച്ചിട്ടാണ്, fair rent ഫിക്സ് ചെയ്തിരുന്നത്. The annuity payable to the institution in consideration of vesting in the Government of its right, title and interest in respect of a holding shall be a sum equal to the annual rent which the institution was entitled to receive immediately before the 21st January, 1961 after deducting 2.5% thereof by way of collection charges. അപ്പോൾ ഈ സ്ഥാപനത്തിനു കിട്ടേണ്ടിയിരുന്ന annual rent കണക്കാക്കിയിട്ടാണ് ഈ annuity അന്ന് നിശ്ചയിച്ചിരുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഇതിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള പ്രൊവിഷൻസ് ഈ മൂലനിയമത്തിലില്ല. വളരെ വിശദമായ ചർച്ചകൾ ഈ വകുപ്പുൾപ്പെടെയുള്ള കാര്യങ്ങളിൽ നടത്തിയിട്ടുണ്ട്. നീണ്ടുനിന്ന ചർച്ചകൾ ഈ സഭയിൽ നടത്തിയിട്ടുണ്ടെങ്കിലും ഈ നിയമം പാസ്സാക്കിയപ്പോൾ റെന്റിൽ കാലാനുസൃതമായ മാറ്റം വരുത്താനുള്ള പ്രൊവിഷൻസ് വച്ചിരുന്നില്ല. 43 വർഷങ്ങൾക്കുശേഷം ഈ ഭേദഗതിയിലൂടെ ഇന്ന് അത് കൂട്ടിച്ചേർക്കുകയാണ്. Fair rent fix ചെയ്യുന്നതിന് Rent Control Act അനുസരിച്ചിട്ട്, സാധാരണ ഫെയർ റെന്റ് ഫിക്സ് ചെയ്യുന്നതിനുള്ള പ്രൊവിഷൻസ് ഉണ്ട്. അതിനുള്ള ചില മാനദണ്ഡങ്ങളുമുണ്ട്. ഫെയർ റെന്റ് ഫിക്സ് ചെയ്യുന്ന സമയത്ത് സാധാരണ 10% മുതൽ 20% വരെ annual increase ഒക്കെ ഉണ്ടാകും. പക്ഷേ, ഈ കാര്യത്തിൽ അങ്ങനെ ഒരു വലിയ തുക ഗവൺമെന്റിന് ലയബിലിറ്റി വരുത്താത്ത രീതിയിൽ കഴിഞ്ഞ 43 വർഷം മുൻപ് കൊടുക്കാൻ തീരുമാനിച്ചിരുന്ന അന്നത്തെ ഒരു സാഹചര്യത്തിലുണ്ടായിരുന്ന സാധാരണ ഫെയർ റെന്റ് ഫിക്സ് ചെയ്യുമ്പോൾ ഉണ്ടായിരുന്ന മാനദണ്ഡങ്ങൾ പരിഗണിച്ചുകൊണ്ട് 43 വർഷത്തിനുശേഷവും ഇവിടെ ആ annuity കൂട്ടിക്കൊടുക്കുന്നത് 3 ഇരട്ടി മാത്രമാണ്. ഇനിയും മാറ്റൊരു ഭേദഗതി കൊണ്ടുവന്ന് വീണ്ടും ഇടയ്ക്കിടയ്ക്ക് നിയമനിർമ്മാണം നടത്തുന്നതിനു പകരമായി നിയമത്തിന്റെ പഴുതുകൾ അടച്ചുകൊണ്ട് ഈ ഭേദഗതി അവതരിപ്പിക്കുന്നതുകൊണ്ടാണ് 5 വർഷം കൂടുമ്പോൾ വീണ്ടും 25% വർദ്ധനവിനുകൂടിയുള്ള പ്രൊവിഷൻസ് ഇക്കാര്യത്തിൽ കൊടുത്തിരിക്കുന്നത്. അതുകൊണ്ട് മൂലനിയമം പാസ്സാക്കിയ കാലത്ത് വിട്ടുപോയ ഒരു വകുപ്പ് കൂട്ടിച്ചേർത്തുകൊണ്ട്, അന്ന് ഈ നിയമം പാസ്സാക്കിയപ്പോഴുണ്ടായ സാമൂഹികവും സാമ്പത്തികവുമായ മാറ്റങ്ങൾ കേരളത്തിലുണ്ടായപ്പോൾ അത് ഒരാളെയും ദ്രോഹിക്കരുത് എന്നുള്ള മനഃപൂർവ്വമായ ഉദ്ദേശത്തിൽ ഉണ്ടായ ഒരു നിയമത്തിന്റെ പഴുതടച്ചുകൊണ്ടുള്ള ഒരു ഭേദഗതിയാണ് ഇവിടെ മൂവ് ചെയ്യുന്നത്. അതോടൊപ്പംതന്നെ ഉള്ള നിയമമാണ് പാസ്സാക്കിയത്. 1970-നു ശേഷം കശുമാവിൻതോട്ടങ്ങളെടുത്തുകളഞ്ഞ്, ഇപ്പോൾ കശുവണ്ടി മേഖലയിലുണ്ടായിരിക്കുന്ന മാറ്റങ്ങൾ നിയമപരിഷ്കരണ കമ്മിറ്റി ഗൗരവമായി പരിശോധിച്ച് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ട ഈ നിർദ്ദേശങ്ങൾ, ഗവണ്മെന്റിന് സമർപ്പിക്കുകയും ഗവൺമെന്റ് അക്കാര്യങ്ങൾ ഗൗരവമായി കണ്ടുകൊണ്ട് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയുമാണ്. അതിന്റെ ഭാഗമായിട്ടാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, 2002-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കാലാനുസൃതമായ ഒരു മാറ്റം ഏതൊരു വ്യവസ്ഥയിലും അതിനെക്കാളുപരി ഏതൊരു നിയമത്തിലും വരുത്തുന്നില്ലായെങ്കിൽ ഉണ്ടാകാവുന്ന ഒരു സ്ഥിതിവിശേഷം വളരെ മോശമാണെന്നുള്ള ഒരു വലിയ വിലയിരുത്തലും മനസ്സിലാക്കലും കണ്ടെത്തലും ഒക്കെ ഉണ്ടായതിന്റെയടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട റവന്യൂവും നിയമവും വകുപ്പുമന്ത്രി ശ്രീ കെ. എം. മാണി ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. നിരവധി നിയമങ്ങൾ പരിശോധിക്കുകയും കാലഹരണപ്പെട്ടത് മാറ്റുകയും നിലവിലുള്ളതിന് ആവശ്യമായ ഭേദഗതി വരുത്തുകയും ഒക്കെ ചെയ്യുന്നതിനുവേണ്ടി നിയമപരിഷ്ക്കരണത്തിന്റെ മുന്നോട്ടുള്ള യാത്രയിലാണ് അദ്ദേഹം. വളരെ ഫലപ്രദമായ നിലയിൽ നിയമങ്ങൾ കൈകാര്യം ചെയ്യുന്ന, മന്ത്രിയായിരുന്നപ്പോൾ തന്നെ നിയമവകുപ്പ് കൈകാര്യം ചെയ്തിരുന്ന ആളാണ് ശ്രീ. കെ. എം. മാണി. അദ്ദേഹം ഈ നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതി തീർച്ചയായിട്ടും നിരവധിയായിട്ടുള്ള ക്ഷേത്രങ്ങളേയും, ദേവസ്വങ്ങളേയും രക്ഷപ്പെടുത്തുന്നതിന് ഏറെ സഹായകമായിരിക്കും. ഇവിടെ സൂചിപ്പിച്ച പോലെ വളരെ വർഷങ്ങൾക്കുമുമ്പ് നിലവിൽ വന്ന ഒരു വ്യവസ്ഥിതി ദേവസ്വങ്ങൾക്കും, ക്ഷേത്രങ്ങൾക്കും അവരുടെ കൈവശത്തിലുള്ള വസ്തുക്കൾ പാട്ടത്തിന് കൊടുത്തിട്ട് ആ പാട്ടക്കാരന് ആ വസ്തു കൊടുക്കുമ്പോൾ കിട്ടുന്ന തുക വളരെ തുച്ഛമാണ്. അങ്ങനെയുള്ള ഒരു തുക കൊണ്ട് ഒരു ക്ഷേത്രത്തിനും ഒരു ദേവസ്വത്തിനും മുന്നോട്ടുപോകാൻ കഴിയില്ല. അങ്ങനെ വന്നാൽ തീർച്ചയായിട്ടും ഇപ്പോഴത്തെ ചെലവനുസരിച്ച് കാര്യങ്ങൾ അഭിമുഖീകരിക്കാൻ കഴിയാത്ത ഒരു സാഹചര്യം വരും. നമുക്കറിയാം പണ്ട് ഇങ്ങനെയുള്ള വില തീരുമാനിച്ചിരുന്നത് കാർഷിക വിളകളുടെ വിലയുടെ അടിസ്ഥാനത്തിലാണ്. ആ നിയമം ഉണ്ടായ സന്ദർഭത്തിൽ ഒരു തേങ്ങയ്ക്ക് 50 പൈസയായിരുന്നു; ഒരു പറ നെല്ലിന് 3 രൂപയായിരുന്നു. എന്നാൽ ഇപ്പോൾ ഇതിനൊക്കെ വില വർദ്ധിച്ചു. പക്ഷെ നിയമത്തിൽ മാറ്റം വരുത്തിയിട്ടില്ല. ഇപ്പോൾ വരുത്തിയ മാറ്റം വഴി ആസ്തി 3 ഇരട്ടിയായി വർദ്ധിക്കുന്നു. കൂടാതെ ഇവിടെ പറഞ്ഞപോലെ ഓരോ 5 വർഷം കൂടുമ്പോഴും അത് 25% വർദ്ധിപ്പിക്കാനുള്ള വ്യവസ്ഥയുണ്ടായിരിക്കുന്നു. എനിക്കതിൽ ഏറെ സന്തോഷം, ഇരിങ്ങാലക്കുട പോലുള്ള സ്ഥലത്ത് കൂടൽമാണിക്യ ക്ഷേത്രത്തെ സംബന്ധിച്ചുള്ളതാണ്. ഈ ക്ഷേത്ര ദേവസ്വത്തിന് ഏതാണ്ട് 1000 ഏക്കറോളം സ്ഥലം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോഴത് ശോഷിച്ച് 70 ഏക്കറോളമായി. ഇങ്ങനെയുള്ള നിരവധി ക്ഷേത്രങ്ങൾ ഈ മലബാർ മേഖലയിലുണ്ട്. ആ ക്ഷേത്ര ഭരണം നടത്തുന്നതിനോ, ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിനോ ഒന്നും

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെയുള്ള നിയമത്തിൽ ഭേദഗതി വരുത്തിയില്ലായെങ്കിൽ സാധ്യമല്ല. അപ്പോൾ ഈ ക്ഷേത്രവും ദേവസ്വവുമൊക്കെ മുന്നോട്ടു പോകുന്നതിന് ഈ നിയമം ഏറെ അനിവാര്യമാണ്. ഇങ്ങനെ നിയമം കൊണ്ടുവരാൻ തയ്യാറായിട്ടുള്ള നിയമ വകുപ്പുമന്ത്രിയെ അനുമോദിച്ചുകൊണ്ട് എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ഈ നിയമഭേദഗതിയോട് സമ്പൂർണ്ണമായി യോജിച്ചുകൊണ്ടുതന്നെ ക്ഷേത്രവുമായും ക്ഷേത്ര സ്വത്തുക്കളുമായും ബന്ധപ്പെട്ട ഒരു സുപ്രധാന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ക്ഷേത്ര സ്വത്തുക്കൾ ലീസിനുകൊടുത്തിട്ട് ലീസിനുകൊടുത്ത ഉദ്ദേശം സാധ്യമാകാതെ വരുമ്പോൾ തിരിച്ച് ദേവസ്വങ്ങൾക്ക് വിട്ടുകൊടുക്കേണ്ട ആവശ്യമുണ്ട്. ഇപ്പോൾ തന്നെ ഇരിങ്ങാലക്കുട മിനി സിവിൽ സ്റ്റേഷൻ വന്നപ്പോൾ ആ മിനി സിവിൽ സ്റ്റേഷനിൽ ഇപ്പോൾ പ്രവർത്തിക്കാനുദ്ദേശിച്ചിരുന്ന, മെയിൻ റോഡിൽ ഉള്ള തഹസീൽദാർ ഓഫീസ് ഉൾപ്പെടെയുള്ള ഓഫീസുകളൊക്കെ ഇതേവരെ പ്രവർത്തിച്ചുകൊണ്ടിരുന്നത് കൂടൽമാണിക്യം ക്ഷേത്രം വക കെട്ടിടങ്ങളിലാണ്. ഈ ക്ഷേത്രം വക സ്വത്തുക്കൾ എത്രയും പെട്ടെന്ന് ക്ഷേത്രത്തിന്റെ പരമാധികാരത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ പറ്റുന്ന പ്രകാരത്തിൽ ഒരു clause കൂടി ചേർത്ത് ഈ നിയമ ഭേദഗതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അങ്ങയുടെ കരുണയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ദേവസ്വങ്ങളുടെ ഭൂമിയൊക്കെ 1971 ലാണ് ഗവൺമെന്റിൽ വെസ്റ്റ് ചെയ്തത്. അതിനുശേഷം അടുത്ത കാലത്താണ് അതിന്റെ ആനുവിറ്റി കൂട്ടണം എന്ന ആവശ്യം ഗവൺമെന്റിന്റെ മുൻപിൽ വന്നത്. അധികം താമസിയാത തന്നെ നടപടി എടുക്കുകയുണ്ടായത്. എല്ലാവർക്കും അറിയാവുന്നതുപോലെ നിയമത്തിലെ സബ് സെക്ഷൻ-5 അനുസരിച്ചാണ് മര്യാദ പാട്ടം നിശ്ചയിക്കുന്നത്. ആ മര്യാദ പാട്ടത്തിന് തുല്യമായ തുകയാണ് ഇപ്പോൾ ആനുവിറ്റി തുക. അത് വളരെ കുറവാണ്. ഇപ്പോൾ ഈ മൂന്നിരട്ടി കൊടുക്കുന്നത് വലിയൊരു തുകയാണെന്നാണ് പറയുന്നതെങ്കിലും നിലവിലുള്ളതിനേക്കാൾ മെച്ചപ്പെട്ടതെന്നേ കാണാൻ കഴിയുകയുള്ളൂ. അത്രയെങ്കിലും ക്ഷേത്രങ്ങളെ സഹായിക്കാൻ കഴിയുന്നതിൽ ഇന്ന് ചാരിതാർത്ഥ്യമുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ എല്ലാ പ്രാവശ്യവും കുറവ് എന്നു പറയേണ്ടല്ലോ, ഇത്ര പീരിയഡ് കഴിഞ്ഞാൽ ഒരു ഇൻക്രീസ് എന്ന് പറഞ്ഞാൽ മതിയല്ലോ.

ശ്രീ. കെ. എം. മാണി: അതുണ്ട്. ഈ നിയമത്തിൽ അഞ്ചുവർഷം കഴിഞ്ഞാൽ 25% ന്റെ ഒരു ഇൻക്രീസ്. ആനുവൽ ഇൻക്രീസ് പറയുമ്പോൾ ഏതാണ്ട് 5%ത്തോളം വരും. in real terms, annual increase 5%-ഓളം വരും. Every 5 year കഴിയുമ്പോൾ 25% automatic ആയിട്ടുള്ള ഇൻക്രീസ് എന്നു പറയുന്ന തരത്തിലുള്ള വ്യവസ്ഥ ഈ നിയമത്തിലുണ്ട്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തോമസ് ഉണ്ണിയാടൻ: ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2002-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബിൽ, ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നു.

ഇന്നത്തെ ലെജിസ്ലേറ്റീവ് ബിസിനസ്സ് തീർന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലൈ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 12.43-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly